പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 സെപ്റ്റംബർ 30, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**11 (*121) കാർഷികമേഖലയിലെ യന്ത്രവൽക്കരണം**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, കാർഷിക മേഖലയ്ക്ക് നവജീവൻ നൽകാനുതകുന്ന പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്നും ഈ മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് യന്ത്രവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. രാഷ്ട്രീയ കൃഷി വികാസ് യോജന, ഭക്ഷ്യ സുരക്ഷാമിഷൻ, മാക്രോ മാനേജ്മെന്റ് തുടങ്ങിയ പദ്ധതികൾക്കുകീഴിൽ പാടശേഖര സമിതികൾക്കും വ്യക്തികൾക്കും കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നുണ്ട്. ചെറുകിട യന്ത്രവൽക്കരണവും അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ്

സേവനങ്ങളും നൽകൽ, കൃഷി എഞ്ചിനീയറിംഗ് ഓഫീസുകളിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾവഴി കൊയ്ത്തു-മെതി യന്ത്രങ്ങൾ ഉൾപ്പെടെയുള്ളവ കർഷകർക്ക് വാടകയ്ക്ക് നൽകൽ, കർഷകർക്ക് ആവശ്യമുള്ള യന്ത്രങ്ങൾ സംഭരിക്കുകയും യുവാക്കൾക്കും കർഷക തൊഴിലാളികൾക്കും പരിശീലനം നൽകുന്നതിന് ജില്ലകളിൽ കാർഷിക എഞ്ചിനീയറിംഗ് ഓഫീസിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി യന്ത്രവൽക്കരണം നടപ്പാക്കൽ, വെള്ളായണി ആർ.റ്റി.റ്റി സെന്ററിന്റെ നേതൃത്വത്തിൽ ജില്ലകൾതോറും കാർഷിക യന്ത്രവൽക്കരണ പരിശീലനം സംഘടിപ്പിക്കുന്ന ഡവലപ്മെന്റ് ഓഫ് ഇന്നവേറ്റീവ് ഫാം മെക്കനൈസേഷൻ (ഡി.ഐ.എഫ്.എം), കുട്ടനാട് പാക്കേജിന് കീഴിൽ കാർഷിക യന്ത്രങ്ങൾ സംഭരിച്ച് തുടർപരിശീലന പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങിയവയാണ് യന്ത്രവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കൃഷി വകുപ്പ് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ. കർഷകർക്ക് ആവശ്യമായ കാർഷിക യന്ത്രങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 'കെയ്കോ' തിരുവനന്തപുരത്ത് 'അഗ്രോ സൂപ്പർ ബസാർ' സജ്ജമാക്കിയിട്ടുണ്ട്. ഇത് മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കൊട്ടാരക്കരയിലും, തിരുവല്ലയിലും, അത്താണിയിലും മിനി അഗ്രോ ബസാർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനായി ഈ മേഖലയിൽനിന്നും വിട്ടുനിൽക്കുന്ന യുവതീ യുവാക്കൾക്ക് നൂതന സാങ്കേതിക വിദ്യയിലും കാർഷിക യന്ത്രങ്ങളിലും പരിശീലനം നൽകി കൃഷിരീതി ലളിതവും ലാഭകരവുമാക്കി മാറ്റുന്നതിന്

ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി കെയ്കോ ആരംഭിച്ച 'മെക്ക നൈസ്ഡ് ലേബർ ബാങ്ക്' (അഗ്രോ തൊഴിൽ സേന) എന്ന പദ്ധതി തിരുവന ന്തപുരം, ആലപ്പുഴ, തൃശൂർ, കണ്ണൂർ ജില്ലകളിൽ ആദ്യഘട്ടമായി നടപ്പിലാക്കു ന്നതാണ്. ഓരോ യൂണിറ്റിലും 20 മുതൽ 30 വരെ ആൾക്കാർക്ക് കാർഷിക യന്ത്രങ്ങളിൽ പരിശീലനം നൽകി വിവിധ ഗ്രൂപ്പുകളായി തിരിച്ച് അവരുടെ സേവനം കർഷകർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യ മാക്കിയിരിക്കുന്നത്. കേരളത്തിന്റെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ വിധത്തിലുള്ള യന്ത്രങ്ങൾ വിവിധ പദ്ധതികൾക്ക് ലഭ്യമാക്കാനും പ്രാദേശി കമായ പ്രത്യേകതകൾക്കനുസരിച്ച് യന്ത്രങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെക്കു റിച്ച് കാർഷിക സർവ്വകലാശാലയിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തു ന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുതായി രൂപപ്പെടുന്ന ചെറുയന്ത്ര ങ്ങൾക്ക് 'കെയ്കോ'-യുടെ 14 ജില്ലാ ഓഫീസുകൾവഴി വില്പനയും പ്രവർത്തന പരിശീലനവും വില്പനാനന്തര സേവനവും നൽകിവരുന്നുണ്ട്. 'കാംകോ' ഇപ്പോൾ പുറത്തിറക്കിയിട്ടുള്ള 5.5 കുതിര ശക്തിയുള്ള ടില്ലർ പാടത്തും ചെറിയ വിസ്തൃതിയുള്ള മറ്റു സ്ഥലങ്ങളിലും ഉപയോഗിക്കാവു ന്നതാണ്. ചെറിയ കൃഷിയിടങ്ങളെ ഉദ്ദേശിച്ച് രൂപകല്പന ചെയ്തിട്ടുള്ള 18 കുതിര ശക്തിയുള്ള ട്രാക്ടറിന്റെ ഉൽപ്പാദനം ആരംഭിക്കുന്നതാണ്. 'കാംകോ' പരീക്ഷണാടിസ്ഥാനത്തിൽ മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തി പ്പിക്കുന്ന പവർടില്ലറിന്റെ പ്രവർത്തനം വിജയകരമാണെന്നുകണ്ടാൽ കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ അനുമതി നേടി അവ വിപണിയിൽ ഇറക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ലഘുയന്ത്രങ്ങൾ മാത്രമാണ് പെട്രോളിൽ

പ്രവർത്തിക്കുന്നത് എന്നതിനാൽ പെട്രോളിന് സബ്സിഡി നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ലെന്ന് മന്ത്രി വ്യക്തമാക്കി. കേന്ദ്രസർക്കാരിന്റെ സബ്സിഡിയോടുകൂടി നടപ്പിലാക്കുന്ന 'ആത്മ' പദ്ധതി വിപുലീകരിച്ച് ഗ്രാമ ങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തരിശുഭൂമിയിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാലയങ്ങളിലും സർക്കാർ ഭൂമിയിലും പച്ചക്കറി കൃഷി വ്യാപിപ്പി ക്കുന്നതിന് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനും ഹോർട്ടികോർപ്പും മുഖേന സഹാ യങ്ങൾ നൽകുന്നുണ്ട്. ജൈവക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാസർകോഡ് ജില്ലയെ ജൈവജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും ദ്രവവള പ്രയോഗം നടപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഉല്പാദനക്ഷമ തയുള്ള പുതിയയിനം തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും തെങ്ങുകയറ്റത്തിനും തേങ്ങയിടുന്നതിനുമുള്ള യന്ത്രങ്ങളുണ്ടാക്കുന്നതിന് താല്പര്യമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**12 (*122) <u>കാർഷിക വികസന ബാങ്കുകളുടെ ഭരണ സമിതികൾ</u>**

സഹകരണവകുപ്പു മന്ത്രി ( ശ്രീ. സി. എൻ. ബാലകൃഷ്ണൻ) നൽകിയ മറുപ ടിയിൽ, 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 28 ഭേദഗതി വരുത്തി പുറപ്പെടുവിച്ച 12-08-2011- ലെ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ 10 പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ഭരണ സമിതികൾ സാധുവല്ലാതായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നബാർഡ്, നാഷണൽ ഹൗസിംഗ് ബാങ്ക്, തുടങ്ങിയവയിൽനിന്നും സർക്കാർ ഗ്യാരന്റിയോടെ ലഭിക്കുന്ന പണം കാർഷിക-കാർഷികേതര ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുന്ന

ബാങ്കുകളാണ് പ്രാഥമിക കാർഷിക വികസന ബാങ്കുകൾ. സുൽത്താൻബത്തേരി, കുട്ടനാട്, കൊടുങ്ങല്ലൂർ, റാന്നി, കൊച്ചി, ചങ്ങനാശ്ശേരി, കൊട്ടാരക്കര, ചെങ്ങന്നൂർ, തിരൂരങ്ങാടി, നിലമ്പൂർ എന്നിവിടങ്ങളിൽ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് തുക നൽകിയതിന്റെ അടിസ്ഥാനത്തിൽ സുൽത്താൻബത്തേരി, കുട്ടനാട്, കൊടുങ്ങല്ലൂർ, റാന്നി, കൊച്ചി എന്നീ ബാങ്കുകൾ വായ്പ നൽകിയിട്ടുണ്ട്. 01-01-2000-ലെ കേരള സഹകരണ നിയമ ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക വികസന ബാങ്കുകളെ നിർവ്വചിക്കുകയും പ്രവർത്തനപരിധി ഒരു റവന്യൂ താലൂക്കായി നിജപ്പെടുത്തുകയും നിയമം പ്രാബല്യത്തിൽ വന്ന് 6 മാസത്തിനകം നിലവിലുള്ള ബാങ്കുകളുടെ പ്രവർത്തന പരിധി ഒരു താലൂക്കായി നിജപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ പല ബാങ്കുകളും ടി വ്യവസ്ഥകൾ പാലിക്കാതെ മറ്റ് ബാങ്കുകളുടെ പ്രവർത്തന പരിധിയിലുള്ള താലൂക്കുകളിൽ പുതുതായി ബാങ്കുകൾ രജിസ്റ്റർ ചെയ്യുകയും ആസ്തി ബാദ്ധ്യതകൾ വിഭജിക്കാതെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തതിന്റെ ഫലമായി നിലവിലുണ്ടായിരുന്ന ബാങ്കുകളുടെ ആസ്തി ബാദ്ധ്യതകൾ, അംഗത്വം എന്നിവ ക്രമപ്രകാരം വിനിയോഗിക്കുന്നതിന് തടസ്സം നേരിടുകയും ദീർഘകാല വായ്പാമേഖലയുടെ പ്രവർത്തന പുരോഗതിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. വർഷങ്ങളായി പ്രവർത്തിച്ചു വന്നിരുന്ന ബാങ്കുകളുടെ നിലനിൽപ്പ് അപകടകരമായ സ്ഥിതിയിലായതിനാൽ ആസ്തി ബാദ്ധ്യതകൾ വിഭജിക്കാതെ നിലവിലുള്ള ബാങ്കുകളുടെ പ്രവർത്തന പരിധി നിജപ്പെടുത്തിയോ നിജപ്പെടുത്താതെയോ രജിസ്റ്റർ ചെയ്ത നടപടി സാധുവല്ലെന്ന് കണ്ട സാഹചര്യത്തിലാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്.

നിലവിലുള്ള സംഘത്തിന്റെ പ്രവർത്തന പരിധിയിലാണ് രജിസ്റ്റർ ചെയ്തതെന്നതിനാലും ആസ്തി ബാദ്ധ്യതകൾ വിഭജിച്ച് പുതുതായി നിലവിൽ വന്ന ബാങ്കുകൾക്ക് നൽകേണ്ടതിനാലുമാണ് ഓർഡിനൻസിന് മുൻകാല പ്രാബല്യം നൽകിയത്. സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് ആസ്തി ബാദ്ധ്യതകൾ വിഭജിക്കണമെന്ന വ്യവസ്ഥയില്ലെന്നും 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 2 (ഒ.സി) പ്രകാരം കാർഷിക വികസന ബാങ്കുകളുടെ പ്രവർത്തന പരിധി താലൂക്ക് അതിർത്തിയായി നിശ്ചയിച്ചിട്ടുണ്ടെന്നും ഒന്നിലധികം താലൂക്കുകൾ പ്രവർത്തന പരിധിയായുള്ള സംഘങ്ങൾ സഹകരണ സംഘം നിയമത്തിൽ പറയുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് രജിസ്റ്റർ ചെയ്യപ്പെടാത്തതിനാൽ ആസ്തി ബാദ്ധ്യതകൾ നിശ്ചയിച്ച് രജിസ്റ്റർ ചെയ്യേണ്ടതുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 21-01-2000-ൽ പുറപ്പെടുവിച്ച നിർദ്ദേശം അനുസരിച്ച് താലൂക്ക് അടിസ്ഥാനത്തിൽ ആസ്തി ബാദ്ധ്യതകൾ, പുതിയ ബാങ്കിന്റെ പ്രവർത്തന പരിധിയിലെ ഓഹരി, അംഗത്വം എന്നിവയും വിഭജിക്കേണ്ടതുണ്ട്. നിയമാനുസൃതമല്ലാത്ത ബാങ്കുകളുടെ ആസ്തി ബാദ്ധ്യത വിഭജിക്കുമ്പോൾ അംഗങ്ങളും ഓഹരിയും പുതിയ ബാങ്കിലേയ്ക്ക് മാറ്റപ്പെടുന്നതാണ്. ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടുള്ളതിനാലാണ് വൈക്കം, കുന്നത്തുനാട് എന്നീ പ്രാഥമിക സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കാത്തതെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

13 (*123) <u>കാർഷിക വായ്പകൾക്ക് സബ്സിഡി</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പലിശ സബ്സിഡി സംസ്ഥാനത്തെ കർഷകർക്ക് ലഭ്യമാക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു.

കാർഷിക വായ്പ ലഭ്യമാക്കുന്നതിന് നബാർഡ് മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥ കൾ ലഘൂകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും കാർഷിക സബ്സിഡി യഥാർത്ഥ കർഷകനുതന്നെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും വിദ്യാലയങ്ങളിലും വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിത്തും വളവും സൗജന്യമായി നൽകുന്നതാണെന്നും പുഞ്ചക്കൃഷിയിറക്കുന്നതിന് അപ്പർകുട്ടനാട്ടിലും ലോവർ കുട്ടനാട്ടിലും ഡീ-വാട്ടറിംഗിന് നൽകുന്ന തുകയിലുള്ള അന്തരമില്ലാ താക്കുന്നതും തുക വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച് പരിശോധിക്കുന്നതാ ണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി. മുഴുവൻ ബാങ്കിംഗ് കവറേജ് വന്നിട്ടുള്ള ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേര ളത്തെ പ്രഖ്യാപിക്കുന്നതിനായി ഇന്ന് തിരുവനന്തപുരത്തുവച്ച് നടത്തുന്ന സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് മീറ്റിംഗിൽ വിദ്യാഭ്യാസ ലോൺ ലഭ്യമാക്കുന്നതിലു ണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഉന്നയിക്കുമെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടു കൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

**14 (*124) <u>കോഴിമുട്ടയുടെ ഉൽപ്പാദനം</u>**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, മുട്ടയുടെ ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ പുതിയ പദ്ധതികൾ വിഭാവനം ചെയ്തി ട്ടുണ്ടെന്നും കൂടുതൽ മുട്ട ഉല്പാദിപ്പിക്കാനുള്ള നടപടികളുമായാണ് കെപ്കോ മുന്നോട്ടു പോകുന്നതെന്നും രണ്ട് വർഷംകൊണ്ട് ഈ രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും സഭയെ അറിയിച്ചു. കുട്ടികൾ വർഷത്തിൽ 90 മുട്ടയും മുതിർന്നവർ 180 മുട്ടയും

ഭക്ഷിക്കണമെന്ന ഐ.സി.എം.ആർ-ന്റെ ശുപാർശ പ്രകാരം സംസ്ഥാനത്ത് ഒരു വർഷം 484.2 കോടി മുട്ടയുടെ ആവശ്യമുണ്ട്. 2010-11-ൽ കേരളത്തിന്റെ ആഭ്യന്തരോല്പാദനം 167.18 കോടി മുട്ടയാണ്. ആവശ്യവും നിലവിലുള്ള ഉൽപാദനവും തമ്മിൽ 317.02 കോടി മുട്ടയുടെ അന്തരമുണ്ട്. മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്പോട്ട് ടു ട്രെയിനിംഗ് ആന്റ് എംപ്ലോയ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾവഴി പതിനായിരം നിർദ്ധന രായ വനിതകൾക്ക് ഒരു കോഴിക്കൂടും 15 കോഴികളും 30 കിലോ തീറ്റയും 50 രൂപയുടെ മരുന്നും രണ്ട് ദിവസത്തെ പരിശീലനവും സൗജന്യമായി നൽകുകയും കൂടുതൽ മുട്ട ഉല്പാദിപ്പിക്കുന്നവർക്ക് കൂടുതൽ സഹായം നൽകുകയും ചെയ്യുന്നതാണ്. ഗ്രാമങ്ങളിൽ കോഴിവളർത്തൽ പ്രോത്സാഹി പ്പിക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കുന്നതാണ്. മുട്ട ഉല്പാദനത്തിനായി മുൻഗവൺമെന്റ് ആവിഷ്ക്കരിച്ച പദ്ധതികൾ കൂടു തൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ട് ഫലപ്രദമായി നടപ്പിലാ ക്കാനും തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ കെപ്കോ റസ്റ്റാറന്റുകൾ ആരംഭി ക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കോഴിത്തീറ്റക്ഷാമം പരിഹരിക്കു ന്നതിന് മാളയിലെ കോഴിത്തീറ്റ ഫാക്ടറി പുനരുദ്ധരിച്ച് 2012 ഡിസംബറോടു കൂടി പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**15 (*125) <u>റബ്ബറിന്റെ ഇറക്കുമതി ചുങ്കം</u>**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനത്തിൽ നിന്ന് 7.5 ശതമാനമായി വെട്ടിക്കുറച്ച നടപടി പിൻവലിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടെന്നും ഇറക്കുമതി ചുങ്കം വെട്ടി

ക്കുറച്ചതുകൊണ്ട് റബ്ബർ വിലയിൽ കുറവ് വന്നിട്ടില്ലെന്നും റബ്ബറിന് കൂടുതൽ വില ലഭിക്കാനുള്ള നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ട് പോകുന്നതെന്നും സഭയെ അറിയിച്ചു. 2002-ലെ SARFAESI (The Securitisation and Reconstruction of Financial Assets and Enforcement of Security Interest Act) പ്രകാരം റബ്ബറിനെ കാർഷിക ഉൽപ്പന്നമായി കണക്കാക്കിയിട്ടില്ലാത്തതിനാൽ ബാങ്ക് വായ്പയുടെ ആനുകൂല്യം നിഷേധി ക്കുന്നതുസംബന്ധിച്ച് സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസ്സിൽ സർക്കാർ കക്ഷിചേരാൻ തീരുമാനിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

**16 (*126) <u>കൃഷിഭവനുകളുടെ പ്രവർത്തനം</u>**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, എല്ലാ പഞ്ചായത്തുകളിലും കൃഷിഭവനുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയുടെ പ്രവർത്തനങ്ങൾ ജനകീയവൽക്കരിക്കു ന്നതിനായി കാർഷിക ഉപദേശക സമിതികൾ പുന:സംഘടിപ്പിച്ചിച്ച് അവ മുട ങ്ങാതെ കൂടാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൃഷിഭവനുകൾ കമ്പ്യൂട്ടർവൽക്കരിച്ച് ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തു ന്നതോടെ ഉല്പാദനോപാധികളുടെ ലഭ്യത, മണ്ണ് പരിശോധനാ വിവരങ്ങൾ, കാലാവസ്ഥാ പ്രവചനങ്ങൾ, രോഗകീടബാധയുണ്ടാകുന്നത് സംബന്ധിച്ച സൂചനകൾ, നിയന്ത്രണ മാർഗ്ഗങ്ങൾ, സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയവ കൃഷിക്കാരിലേയ്ക്ക് എത്തിക്കാൻ കഴിയുന്നതാണ്. പ്രധാനപ്പെട്ട വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കു ന്നതിന് വിത്ത്, വളം, കീടനാശിനി തുടങ്ങിയ ഉല്പാദനോപാധികൾ ലഭ്യമാ

ക്കുന്നതിനും കൃഷിയിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന തിനും ആധുനിക രീതിയിലുള്ള കൃഷി സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പി ക്കുന്നതിന് പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസേചനവും കാർഷിക യന്ത്രവൽക്കരണവും നടപ്പാക്കുന്നതിനുംവേണ്ട ധനസഹായം, സൗജന്യ വൈദ്യുതി എന്നിവ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന കർഷകർക്ക് നൽകിവരുന്നുണ്ട്. കൃഷി വകുപ്പും കാർഷിക സർവ്വ കലാശാലയും സംയുക്തമായി കർഷകർക്ക് നൂതന സാങ്കേതിക വിദ്യകളെ ക്കുറിച്ചുള്ള പരിശീലനങ്ങൾ നൽകുകയും പഠന യാത്രകൾ, പ്രദർശനത്തോ ട്ടങ്ങൾ എന്നിവ സംഘടിപ്പിക്കുകയും പത്രങ്ങൾ, ലഘുലേഖകൾ, വിവിധ മാധ്യമങ്ങൾ എന്നിവ മുഖേന പ്രചരണം നടത്തുകയും ചെയ്യുന്നുണ്ടെന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കർഷകർക്കും അർഹമായ ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കാർഷിക വിക സന സമിതികൾ പുന:സംഘടിപ്പിച്ച് അതിലെ അംഗങ്ങൾക്ക് ഓണറേറിയം നൽകുന്നതാണെന്നും കൃഷിവകുപ്പിന് കീഴിൽ ആഴ്ച ചന്ത സംഘടിപ്പി ക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്ത മാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1200 മുതൽ 1450 വരെയുള്ള ചോദ്യങ്ങളിൽ 157 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)